# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2329 06/10/2016-ൽ മറുപടിയ്ക്ക്**

<u>ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക്ഭവനം നിർമ്മിച്ചുകൊടുക്കുന്നതിനുള്ള പദ്ധതി</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ: | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ചുകൊടുക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകുന്നുണ്ടോ; | എ) സംസ്ഥാനത്ത് ഭവനരഹിതരായ മത്സ്യത്തൊഴിലാളി കൾക്ക് ഭവനം നിർമ്മിച്ചുകൊടുക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. |
| ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | ബി) മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് 2016-17 വർഷം ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് 2600 വീടുകളും ഭൂരഹിതരായ മത്സ്യത്തൊഴിലാളികളിൽ 800 പേർക്ക് വീട് വയ്ക്കുന്നതിനായി 3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപയുടെ ധനസഹായവും അനുവദിക്കുന്നതാണ്. ഇതിനായി 100 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.<br><br>ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടു കൂടിയുള്ള ഭവന നിർമ്മാണത്തിന് വീടൊന്നിന് 2 ലക്ഷം രൂപ നിരക്കിൽ സംസ്ഥാനത്ത് 800 വീടുകൾ അനുവദിക്കുന്നതിന് പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്ക് വേണ്ടി നൽകിയിട്ടുണ്ട്.<br><br>സർക്കാരിന്റെ കൈവശമുള്ള ഭൂമിയിലോ സ്വകാര്യ വ്യക്തികളിൽ നിന്ന് ലഭ്യമാകുന്ന ഭൂമിയിലോ കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ മുഖേന പാർപ്പിട സമുച്ചയം പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കടൽക്ഷോഭം മൂലം ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 10 ലക്ഷം രൂപ വരെ പരമാവധി ധനസഹായം അനുവദിച്ചുകൊണ്ട് ഭൂമി വാങ്ങി വീട് വയ്ക്കുന്ന പദ്ധതിയ്ക്ക് 25 കോടി രൂപയും നടപ്പ് വർഷത്തെ ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**